**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2578** **02-08-2021 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രീപ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലംവരെ മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്ത് പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കന്ററി വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ട്. 01.09.2011ലെ സർക്കാർ ഉത്തരവ് സ.ഉ(പി)നമ്പർ 183/2011/പൊ.വി.വ 2017-ലെ മലയാളഭാഷപഠന ആക്ട് എന്നിവ പ്രകാരം എല്ലാ വിഭാഗം സ്കൂളുകളിലും മാതൃഭാഷാപഠനം ഉറപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. കേരളത്തിലെ തമിഴ് കന്നഡ മീഡിയം സ്കൂളുകളിൽ മലയാളഭാഷപഠനത്തിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 'നമ്മുടെ മലയാളം' പാഠപുസ്തകം4-ാം ക്ലാസ് വരെ നൽകിയിട്ടുണ്ട്. അഞ്ചാം ക്ലാസ്സിന്റെ പാഠപുസ്തകം ഈ വർഷം തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്രമേണ എല്ലാ ക്ലാസ്സുകളിലേക്കും വ്യാപിപ്പിക്കും. മാതൃഭാഷാപഠനം ശക്തമാക്കുന്നതിന് "മലയാളത്തിളക്കം" പോലുള്ള പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. ഹയർ സെക്കന്ററിയിൽ എല്ലാ പാഠ പുസ്തകങ്ങളുടെയും (74 ടൈറ്റിലുകൾ) മലയാളം പരിഭാഷ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയത് കുട്ടികൾക്ക് ഏറെ സഹായകമാണ്. 24 വിഷയങ്ങൾക്ക് (15 മാനസികവും 9 ശാസ്ത്രവും) സാങ്കേതികപദാവലികൾ മലയാള ത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയതും മലയാളത്തിലുള്ള പഠനത്തിന് മുതൽക്കൂട്ടായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഓൺലൈൻ പഠനത്തിന്റെ കാലത്തു ഭൂരിപക്ഷം കുട്ടികൾക്കും പഠന രീതികൾ പിന്തുടരാൻ കഴിയാത്ത സാഹചര്യത്തിൽ മാതൃഭാഷയിൽ കൂടി അധ്യയനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഓൺലൈൻ പഠനകാലത്തും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിന് അനുസൃതമായ നടപടികളാണ് എടുത്തു വരുന്നത്. ഏത് ഭാഷയും ഏത് വിഷയവും പഠിപ്പിക്കുമ്പോൾ മാതൃഭാഷയിൽ കൂടി വിശദീകരിക്ക ണമെന്ന നിർദ്ദേശം ക്ലാസ്സെടുക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. വിശദീകരണങ്ങൾ മലയാളത്തിലായത് കുട്ടികൾക്ക് ഏറെ സഹായകമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിലുള്ള വിദഗ്ധസമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷമാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്തത്. |

സെക്ഷൻ ഓഫീസർ